**പൊതുമരാമത്ത് വകുപ്പ് ചീഫ്എഞ്ചിനീയറുടെ (ഭരണവിഭാഗം, തിരുവനന്തപുരം) നടപടിക്രമം**

വിഷയം- ജീവനക്കാര്യം- പൊ.മ.വ - കുക്ക്- കം-വാച്ചർ, ശ്രീ. ഹുസൈൻ കെ.എം -നെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്- - സംബന്ധിച്ച്.

സൂചന- 1. 24-03-2015 ലെ ഉത്തരവ് നമ്പർ എസ് സി4/16914/13.
2. 19-07-2016- ലെ കത്ത് നമ്പർ E2/172/15.

**ഉത്തരവ് നമ്പർ എസ് സി 4/16914/13 തീയതി 03/11/2016**

സൂചന (2) ലെ കത്തിലൂടെ പൊതുമരാമത്ത് വകുപ്പ്, ബിൽഡിംഗ്സ് നോർത്ത് സർക്കിൾ കോഴിക്കോടിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ടി ഓഫീസിലെ കുക്ക്- കം-വാച്ചർ ആയ ശ്രീ. ഹുസൈൻ കെ.എം -നെ സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച വിശ്രമമന്ദിരങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ 01-07-2010 മുതൽ 31-03-2014 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി ടിയാന്റെ നിവേദനവും നിയമന ഉത്തരവ്, എസ്സ്.എസ്സ്.എൽ.സി സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ലഭ്യമാക്കിയിട്ടുണ്ട്.

തുടർ പരിശോധനയിൽ, 13-09-2010 ലെ മലപ്പുറം ജില്ലാ കളക്ടറുടെ കത്ത് നമ്പർ A9/80219/2008 (2) പ്രകാരം ടിയാനെ കുക്ക്- കം-വാച്ചർ ആയി നിയമിക്കാൻ ശുപാർശ ലഭിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ്, മുതിർന്ന ഭരണകാര്യസ്ഥന്റെ 14/10/2010-ലെ ഉത്തരവ് നമ്പർ EE4/8253/2008 പ്രകാരം ബിൽഡിംഗ്സ് സെക്ഷൻ വണ്ടൂരിൽ കുക്ക്- കം-വാച്ചർ ആയി നിയമനം ലഭിക്കുകയും,ടിയാൻ 12/11/2010-ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതുമാകുന്നു. ടിയാന്റെ പരിവീക്ഷാകാലം 10/02/2016-ലെ ഉത്തരവ് നമ്പർ O&M3/170/2016 പ്രകാരം 12/11/2011 മുതൽ മുൻകാലപ്രാബ്യലത്തോടെ പൂർത്തീകരിച്ചിട്ടുള്ളതുമാകുന്നു.

ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുക്ക്- കം-വാച്ചർ ആയ ശ്രീ. ഹുസൈൻ കെ.എം -നെ സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച വിശ്രമമന്ദിരങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ 01-07-2010 മുതൽ 31-03-2014 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ റാങ്ക് നമ്പർ 3 (a) എന്ന് നിശ്ചയിച്ച് ശ്രീ. ഷൈജു ലൂയിസിന്റെയും (റാങ്ക് നമ്പർ 3) ശ്രീ ഉമ്മർ കോയ മേച്ചേരിയുടേയും (റാങ്ക് നമ്പർ 4) മദ്ധ്യേ ഉൾപ്പെടുത്തുവാൻ ഇതിനാൽ തീരുമാനിക്കുന്നു. ടി തീരുമാനത്തിൽ പരാതിയോ, ആക്ഷേപമോ ഉള്ള ജീവനക്കാർ, ആയത് ഈ ഉത്തരവ് പ്രസിദ്ധീകരിക്കുന്ന തീയതി തുടങ്ങി രണ്ടാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്. സമയബന്ധിതമായി പരാതികൾ ലഭ്യമല്ലാത്തപക്ഷം, ടി തീരുമാനം അന്തിമമായി കൈക്കൊള്ളുന്നതാണ്.

| റാങ്ക് നമ്പർ | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | കളക്ടറുടെ കത്ത് നമ്പരും തീയതിയും | നിയമന ഉത്തരവ് | സർവ്വീസിൽ പ്രവേശിച്ച തീയതി |
|---|---|---|---|---|---|---|
| 3 (a) | ഹുസൈൻ കെ.എം | 15/04/1965 | SSLC | A9/80219/2008 (2) dtd 13/09/2010 | EE4/8253/2008 dtd 14/10/2010 | 12-11-10 |

ഒപ്പ്/-
ചീഫ് എഞ്ചിനീയർ
ഭരണവിഭാഗം

സ്വീകർത്താവ്

മേലധികാരി മുഖേന വ്യക്തിക്ക്

പകർപ്പ്

ഐറ്റി.സെൽ/ഇബി 4 സെക്ഷൻ/ സ്റ്റോക്ക്/സ്പെയർ

ഉത്തരവിൻപ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

SW